# 50

1. എന്നുള്ളമേ സ്തുതിക്ക നീ യഹോവയെ നിരന്തരം
നിന്നല്ലലാകെ നീക്കി നിന്നെ സ്വന്തമായണച്ചതാൽ
ആനന്ദഗീതമേകിടാം
നന്ദിയാൽ വണങ്ങിടാം... അവൻ പാദം
എന്നന്തരംഗമേ അവൻെറ നൻമകൾ മറപ്പതോ
എന്നുള്ളമേ സ്തുതിക്ക നീ യഹോവയെ നിരന്തരം

2. പാപാർ-ണവത്തിലാധിയോടല-ഞ്ഞുഴന്ന പാപിയെ
കോപാഗ്നിയിൽ പതിക്കുവാനടുക്കലായ ദോഷിയെ
തിരഞ്ഞണഞ്ഞ നാഥനെ
മനം തെളിഞ്ഞു മോദമായ്... സ്തുതിച്ചിടാം - എന്നന്ത

3. ശുദ്ധാത്മദാനമേകി സ്വർഗ്ഗഭാഗ്യമേ-യിഹത്തിലും
ചിത്തേ നിറഞ്ഞ നീതിയും സമാനമറ്റ ശാന്തിയും
സമ്മോദവും പകർന്നു താൻ
പ്രത്യാശയും വളർത്തി താൻ... സ്തുതിച്ചിടാം - എന്നന്ത

4. കഷ്ടങ്ങളെത്ര ഏറിലും കലങ്ങിടാതെ നിത്യവും
ദുഷ്ടൻെറ ഘോരദൃഷ്ടിയിൽ പതിച്ചിടാതിന്നോളവും
കണ്ണിൻമണിക്കു തുല്യമായ്
എണ്ണുന്നതിനു തക്കതായ്... സ്തുതിച്ചിടാം - എന്നന്ത

5. രോഗത്തിനേറ്റ വൈദ്യനാമവൻ നിനക്ക-നാരതം
വയ്ക്കുന്ന നൻമകൾക്കൊരന്തമില്ല തൻ ദയാപരം
കാക്കുന്നു തൻ കൃപാകരം
ചേർക്കില്ല തെല്ലൊരാമയം... സ്തുതിച്ചിടാം - എന്നന്ത